(സി) ഉദ്ദേശിക്കുന്നുണ്ട്. രണ്ടാം പഞ്ചവത്സര പദ്ധതിയിൽ അതിനുവേണ്ടി ഒരു പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) വൈക്കത്തു് നിലവിലിരിക്കുന്ന ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുവാൻ തീരുമാനിച്ചു.

വാട്ടർടാൻസ്റ്റോട്ട്.

* 232. [48] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർടാൻസ്റ്റോട്ട് ദേശവൽക്കരിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റൂട്ടുകളാണു് ഉടനെ എടുക്കുവാൻ ഉദ്ദേശിക്കുന്നതു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. ഐ. വേലായുധൻ):

(എ) വാട്ടർടാൻസ്റ്റോർട്ടു് ദേശവൽക്കരിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വില്ലേജാഫീസുകൾ.

* 233. [49] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) റിസർവ്ബാങ്കിൽനിന്നും ആവിഷ്കരിച്ചിട്ടുള്ള റൂറൽ ക്രെഡിറ്റുപദ്ധതിയനുസരിച്ചു് ഈ സംസ്ഥാനത്തു് ഈ സാമ്പത്തികവർഷത്തിൽ എത്ര വില്ലേജാഫീസുകളാണു് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു്;

(ബി) 1955 ജൂൺമാസം 15-നു-വരെ എത്ര ബാങ്കുകൾ രജിസ്റ്റർചെയ്തിട്ടുണ്ടു്. അവ ഏതിടങ്ങളിലെല്ലാമാണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ–ബി) ഈ സാമ്പത്തികവർഷത്തിൽ വില്ലേജാഫീസുകൾ സ്ഥാപിക്കുന്നതിനു ഉദ്ദേശിക്കുന്നില്ല. ഇതിനുവേണ്ടിയുള്ള പ്രോഗ്രാം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ആവിഷ്കരിച്ചിട്ടുണ്ടു്.

ടാൻസ്റ്റോട്ട് അന്വേഷണ കമ്മീഷൻ.

* 234. [50] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാൻസ്റ്റോട്ട് അന്വേഷണകമ്മീഷന്റെ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്കു് ആ റിപ്പോർട്ടു് പ്രതീക്ഷിക്കുന്നു;

(സി) കമ്മീഷനെ നിയമിച്ചപ്പോൾ എത്രമാസത്തെ കാലാവധിയാണു് കൊടുത്തിരുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഇ. കെ. വേലായുധൻ):

(എ) ഇല്ല.

(ബി) ഒക്ടോബർമാസം അവസാനത്തേക്ക് കമ്മീഷന്റെ റിപ്പോർട്ട് പ്രതീക്ഷിക്കുന്നു.

(സി) 4 (നാല്) മാസം.

സാംക്രമിക രോഗങ്ങൾ.

* 235. [51] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ജൂൺ വരെ സംസ്ഥാനത്തിൽ എവിടെയെല്ലാം സാംക്രമികരോഗങ്ങൾ പിടിപെട്ടതായുണ്ടായിട്ടുണ്ട്;

(ബി) രക്ഷാതിസാരം പിടിപെട്ട സ്ഥലങ്ങളിൽ എന്തെല്ലാം നിവാരണനടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) എത്ര പേർക്ക് ഈ രോഗം ബാധിച്ചുവെന്നും, എത്ര മരണങ്ങൾ സംഭവിച്ചുവെന്നും പറയുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) പ്രസ്തുത സ്ഥലങ്ങളുടെ ഒരു †ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ട്.

(ബി) ജലശുചീകരണം, അണുനശീകരണം, ഔഷധവിതരണം എന്നീ നിവാരണനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) 1955 ജൂലൈമാസാവസാനംവരെ എത്രപേർക്ക് രക്ഷാതിസാരം പിടിപെട്ട എന്നറിവില്ല. പ്രസ്തുത സുഖക്കേടുനിമിത്തം 1157 പേർ മരിച്ചിട്ടുണ്ട്.

വേനനിർമ്മാണവും കുടിപാർപ്പും.

* 236. [52] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഇക്കൊല്ലം അവശസമുദായക്കാർക്കുവേണ്ടി എവിടെയെല്ലാം ഹൗസിംഗ് ആൻഡ് സെറ്റിൽമെൻറ് സ്കീം അനുവദിച്ചിട്ടുണ്ട്; ഓരോ സ്ഥലത്തും എത്ര വീടുകൾ വീതമാണ് അനുവദിച്ചിട്ടുള്ളത്; ആകെ ഈ ഇനത്തിൽ എത്ര രൂപ ചെലവുവരും?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(ഉള്ളാട കാളനി) ചേത്തല, (കുളക്കട കാളനി) കൊട്ടാരക്കര, (എസ്. എം. പി. കാളനി) തുമ്പണിത്തുറ (വെട്ടിക്കവല കാളനി) കൊട്ടാരക്കര, (കരിഞ്ചാൻകോട്ട കാളനി) എന്നീ അഞ്ചു കാളനികളിലാണ് വീടുകൾ അനുവദിച്ചിട്ടുള്ളത്.

കരിഞ്ചാൻകോട്ട കാളനിയിൽ പത്തു വീടുകളും, മറ്റുള്ള കാളനികളിൽ എട്ടു വീടുകൾ വീതവുമാണ് അനുവദിച്ചിട്ടുള്ളത്.

ആകെ മേൽപ്പറഞ്ഞ വീടുകൾക്ക് 97,010 രൂപ ചെലവുവരും.

† Please see Appendix.

LIBRARY ARCHIVES Kerala Legislative Assembly